"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.ആർ.ഡി3/152/2023/തസ്വഭവ
തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 10-03-2024

## സർക്കുലർ

വിഷയം:- ജനന മരണ രജിസ്ട്രേഷൻ - ഒരിക്കൽ ജനനം രജിസ്റ്റർ ചെയ്തിട്ടുള്ള കുട്ടികൾ ദത്തെടുക്കപ്പെടുന്ന സന്ദർഭങ്ങളിൽ സ്വീകരിക്കേണ്ട തുടർ നടപടികൾ - സർക്കുലർ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. തദ്ദേശ സ്വയംഭരണ(ആർ.ഡി) വകുപ്പിന്റെ 04.08.2012 തീയതിയിലെ സ.ഉ.(ആർ.റ്റി) നം.2143/2012/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.
2. മുഖ്യ ജനന മരണ രജിസ്ട്രാറുടെ 27.06.2019 തീയതിയിലെ PAN/5641/2019-B1 (DP) നമ്പർ സർക്കുലർ.
3. വനിതാശിശു വികസന (സി) വകുപ്പിന്റെ 12.01.2022 തീയതിയിലെ WCD-C2/74/2021-WCD നമ്പർ കത്ത്.
4. മുഖ്യ ജനന മരണ രജിസ്ട്രാറുടെ 01.08.2023 തീയതിയിലെ LSGD/PD/15057/2023-CR1 നമ്പർ കത്ത്.

ദത്തെടുക്കുന്ന കുട്ടികളുടെ ജനനം, ദത്തെടുത്ത മാതാപിതാക്കളുടെ സ്ഥിര മേൽവിലാസമുൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്യുന്നതിനും, പ്രസ്തുത സ്ഥലം കുട്ടിയുടെ ജനന സ്ഥലമായി രേഖപ്പെടുത്തുന്നതിനും സൂചന (1) പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ, സൂചന (2) പ്രകാരം, ദത്തെടുക്കുന്ന കുട്ടിയുടെ ജനനം മുമ്പ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും, ദത്തെടുക്കുന്ന മാതാപിതാക്കളുടെ സ്ഥിര താമസ സ്ഥലം ഉൾപ്പെടുന്ന രജിസ്ട്രേഷൻ യൂണിറ്റിൽ അവരുടെ അപേക്ഷ പ്രകാരം രജിസ്റ്റർ ചെയ്യാവുന്നതാണ് എന്ന് സർക്കുലർ പുറപ്പെടുവിച്ചിരുന്നു.

എന്നാൽ സറണ്ടർ ചെയ്യപ്പെട്ടതും (ഏൽപ്പിച്ചു കൊടുക്കപ്പെട്ടതും) ഉപേക്ഷിക്കപ്പെട്ടതുമായ കുട്ടികളുടെ ജനനം നേരത്തെ രജിസ്റ്റർ ചെയ്യപ്പെടുകയും പിന്നീട് സൂചന (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ ദത്തെടുത്ത മാതാപിതാക്കളുടെ മേൽവിലാസമുൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ വീണ്ടും അതേ

കുട്ടികളുടെ ജനനം രജിസ്റ്റർ ചെയ്യപ്പെടുകയാണെങ്കിൽ ജനന സർട്ടിഫിക്കറ്റിന്റെ ഡ്യൂപ്ലിക്കേഷന്/ ഇരട്ടിപ്പിന് കാരണമാകുമെന്നും അപ്രകാരമുള്ള ഇരട്ടിപ്പ് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സൂചന (3) പ്രകാരം മുഖ്യ ജനന മരണ രജിസ്ട്രാറോട് വനിതാ ശിശു വികസന വകുപ്പിൽ നിന്നു ആവശ്യപ്പെട്ടിരുന്നതിന്റെ അടിസ്ഥാനത്തിൽ, ആദ്യത്തെ ജനന രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നത് സംബന്ധിച്ച് സർക്കുലർ പുറപ്പെടുവിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് മുഖ്യ ജനന മരണ രജിസ്ട്രാർ സൂചന (4) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

മേൽ വിവരിച്ച സാഹചര്യത്തിൽ, ഒരിക്കൽ ജനനം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള കുട്ടികളെ ദത്തെടുക്കുന്ന സന്ദർഭങ്ങളിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച തുടർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ദത്തെടുത്ത മാതാപിതാക്കളുടെ കൈവശം, ദത്തെടുത്ത കുട്ടിയുടെ ജനനം രജിസ്റ്റർ ചെയ്തതുമായി ബന്ധപ്പെട്ട രേഖകളുള്ള പക്ഷം, ദത്തെടുത്ത മാതാപിതാക്കളുടെ മേൽവിലാസം ഉൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ, ആ കുട്ടിയുടെ ജനനം വീണ്ടും രജിസ്റ്റർ ചെയ്യാൻ അപേക്ഷിക്കുന്ന സാഹചര്യത്തിൽ, കുട്ടിയുടെ ആദ്യത്തെ ജനന രജിസ്ട്രേഷൻ റദ്ദ് ചെയ്യേണ്ടതാണ്.
2. അപ്രകാരം റദ്ദ് ചെയ്യുന്നതിനായി, ജനനം വീണ്ടും രജിസ്റ്റർ ചെയ്യാൻ അപേക്ഷ ലഭ്യമായ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ജനന മരണ രജിസ്ട്രാർ, നിലവിൽ കുട്ടിയുടെ ജനനം രജിസ്റ്റർ ചെയ്തിട്ടുള്ള യൂണിറ്റിലെ ജനന മരണ രജിസ്ട്രാർക്ക് അറിയിപ്പ് നൽകേണ്ടതാണ്.
3. ഇപ്രകാരം അറിയിപ്പ് ലഭിച്ച ജനന മരണ രജിസ്ട്രാർ തങ്ങളുടെ കൈവശമുള്ള ബന്ധപ്പെട്ട രജിസ്റ്ററിലെ പ്രസ്തുത രജിസ്ട്രേഷൻ റദ്ദ് ചെയ്യേണ്ടതും, 1999-ലെ കേരള ജനന മരണ രജിസ്ട്രേഷൻ ചട്ടങ്ങളിലെ ചട്ടം 11(5) പ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

ഉത്തരവിൻ പ്രകാരം

Signed by
Reenamma P A
Date: 12-03-2024 10:50:35
സെക്ഷൻ ഓഫീസർ.

ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
4. മുഖ്യ ജനന മരണ രജിസ്ട്രാർ, തിരുവനന്തപുരം.
5. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും

മേയർ/ചെയർമാൻ/പ്രസിഡന്റുമാർക്കും, സെക്രട്ടറിമാർക്കും (വകുപ്പ് തലവന്മാർ മുഖേന).

6. എല്ലാ ജനന മരണ രജിസ്ട്രാർമാർക്കും (മുഖ്യ ജനന മരണ രജിസ്ട്രാർ മുഖേന).
7. വനിതാ ശിശു വികസന (സി) വകുപ്പ്.
8. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഇൻഫർമേഷൻ കേരള മിഷൻ.
9. വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്.
10. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ആർ.ഡി3/152/2023/തസ്വഭവ).